സംബന്ധിച്ച അഭിപ്രായം ആരായുകയും ചെയ്തു. ജീവനക്കാരുടെ സംഘടനകളുമായി ബോർഡുതലത്തിലും വൈദ്യുതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും പല ഘട്ടങ്ങളിലായി ചർച്ചകളും കൂടിയാലോചനകളും നടത്തുകയുണ്ടായി. കൂടാതെ, ഈ വിഷയത്തെ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ചർച്ചകൾ നടത്തുകയുണ്ടായി. ജീവനക്കാരുടെ സംഘടനകളിൽനിന്നും ലഭിച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് കരട് കൈമാറ്റ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ പല ഘട്ടങ്ങളിലായി വരുത്തിയിട്ടുണ്ട്. അതിന്റെയൊക്കെ അടിസ്ഥാനത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകളുടെ മാതൃകകൂടി പരിഗണിച്ചുമാണ് കെ.എസ്.ഇ.ബി.യുടെ ആസ്തിബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കിക്കൊണ്ട് 2013 ഒക്ടോബർ മാസം 31-ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

കനേഡിയൻ കമ്പനിയുമായുള്ള വൈദ്യുതിക്കരാർ

10 (6461) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിഭ്യമാക്കുന്നതിന് കനേഡിയൻ കമ്പനിയായ ടാൻജോങ്ങുമായി സർക്കാർ എം.ഒ.യു. ഒപ്പിട്ടിരുന്നുവോ ;

(ബി) എങ്കിൽ ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതി പ്രസ്തുത കനേഡിയൻ കമ്പനി വിഭ്യമാക്കിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

സ്വകാര്യ വ്യക്തികളും കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി

11 (6462) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികളും കമ്പനികളും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സർക്കാർ വാങ്ങുന്നുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഏതെല്ലാം സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളുമാണ് കേരളത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly